"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ്- ജീവനക്കാര്യം- ശ്രീ. ഷാജഹാൻ എ. ശ്രീ. മനോജ് വി.ആർ. എന്നിവർ ഫയൽ ചെയ്ത OA.1020/2024 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/07/2024-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.19/2026/CAD    തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. ശ്രീ. ഷാജഹാൻ. എ, ശ്രീ. മനോജ്. വി.ആർ എന്നിവർ 11/06/2025-ൽ സമർപ്പിച്ച നിവേദനം.
2. OA.1020/2024 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/07/2024 ലെ ഉത്തരവ്.
3. ലീഗൽ മെട്രോളജി കൺട്രോളറുടെ 20/08/2024-ലെ LMD- HQ/1131/2024-B3 നമ്പർ കത്ത്
4. ലീഗൽ മെട്രോളജി കൺട്രോളറുടെ 20/09/2025-ലെ LMD-HQ/1196/2024-B3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലീഗൽ മെട്രോളജി വകുപ്പിലെ സീനിയർ ഇൻസ്പെക്ടർ (ഇപ്പോൾ അസിസ്റ്റന്റ് കൺട്രോളർ) തസ്തികയിലേയ്ക്ക് പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ള പ്രാതിനിധ്യ കുറവ് പരിഹരിക്കുന്നതിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള തീരുമാനത്തിനെതിരെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാരായ ശ്രീ. ഷാജഹാൻ. എ, ശ്രീ. മനോജ്. വി.ആർ എന്നിവർ OA.1020/2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു.

പ്രസ്തുത കേസിലെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പ്രകാരം അപേക്ഷകർ സമർപ്പിച്ചിരുന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണിക്കാനും അതനുസരിച്ചുള്ള ഉത്തരവ് 3 മാസത്തിനുള്ളിൽ പുറപ്പെടുവിക്കുവാനും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനനുസൃതമായി ശ്രീ. ഷാജഹാൻ എ. ശ്രീ. മനോജ്. വി.ആർ എന്നിവരെ ഉപഭോക്തൃകാര്യ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

സർക്കാരിൽ സമർപ്പിച്ചിരുന്ന അപേക്ഷയിലും തുടർന്ന് നേരിൽ കേട്ടപ്പോഴും അപേക്ഷകർ താഴെ പറയുന്ന വിശദാംശങ്ങൾ അറിയിച്ചു.

നൂറോളം ഇൻസ്പെക്ടർ തസ്തികകൾക്ക് തൊട്ടുമുകളിലായി സീനിയർ ഇൻസ്പെക്ടർ ( ഇപ്പോൾ അസിസ്റ്റന്റ് കൺട്രോളർ) തസ്തികകളുടെ എണ്ണം 18 മാത്രമാണ് എന്നും ഇങ്ങനെ അശാസ്ത്രീയമായ രീതിയിൽ പ്രമോഷൻ തസ്തികകളുടെ ക്രമീകരണം വഴി ഉൻസ്പെക്ടറായി പ്രവേശിക്കുന്ന ജീവനക്കാർ സർവീസ് കാലയളവ് പൂർണമായും സർവീസിൽ പ്രവേശിക്കുന്ന

അതേ തസ്തികയിൽ സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്യുന്ന സാഹചര്യമാണ് ഉള്ളതെന്നും പി.എസ്.സി -യിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന സമയം മുതൽ ഇതുവരെയും ഈ കാറ്റഗറിയിൽ 5% നേക്കാൾ കൂടിയ അനുപാത്തിൽ ജീവനക്കാർ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്നുണ്ടെന്നും ആയതിനാൽ തെറ്റായ അനുപാതത്തിൽ അഡ്വൈസ് ലഭിച്ച വന്ന വ്യക്തിക്ക് നിയമനം നൽകുകയാണെങ്കിൽ കോടതി വിധികളുടേയും സർക്കാർ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ മാത്രം സീനിയോരിറ്റിയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകും എന്ന വ്യവസ്ഥയോടും കൂടി മാത്രമേ നിയമിക്കുവാൻ പാടുള്ളൂ.

ഗസറ്റഡ് തസ്തികയിൽ സീനിയർ ഇൻസ്പെക്ടറുടെ (ഇപ്പോൾ അസിസ്റ്റന്റ് കൺട്രോളർ) ഒരു ഒഴിവ് പട്ടിക ജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി അറിയിച്ചപ്പോൾ ലീഗൽ മെട്രോളജി വകുപ്പിൽ ഇതേ വിഭാഗത്തിൽപ്പെട്ട 4 ജീവനക്കാർ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്നുണ്ടായിരുന്നുവെന്നും ഈ യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചു കൊണ്ട് വകുപ്പിൽ നിന്നും തെറ്റായ രീതിയിൽ ഗസറ്റഡ് തസ്തികയിലേയ്ക്ക് പി.എസ്.സി വഴി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഒഴിവ് അറിയിക്കുകയാണുണ്ടായത്.

ശ്രീ. ഷാജഹാൻ എ, ശ്രീ. മനോജ്. വി.ആർ. എന്നിവരുടെ അപേക്ഷ സംബന്ധിച്ച് ലീഗൽ മെട്രോളജി കൺട്രോളർ പരാമർശം 3,4 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

01/01/2016 അടിസ്ഥാനമാക്കിയുള്ള ലീഗൽ മെട്രോളജി വകുപ്പിലെ പട്ടിക ജാതി/ പട്ടിക വർഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ട് സർക്കാർ അവലോകനം നടത്തുകയും ടി വിഭാഗങ്ങൾക്ക് ഗസറ്റഡ് വിഭാഗത്തിൽ മതിയായ പ്രാതിനിധ്യം ഇല്ലായെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിനായി തസ്തിക റിസർവ് ചെയ്യുന്നതിനുള്ള വിവരങ്ങൾ പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് ആവശ്യപ്പെട്ടത് പ്രകാരമാണ് സീനിയർ ഇൻസ്പെക്ടർ (നിലവിലെ അസിസ്റ്റന്റ് കൺട്രോളർ) തസ്തികയിലെ ഒരു തസ്തിക സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിസർവ് ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്തത്. 01/01/2016 അടിസ്ഥാനമാക്കിയുള്ള വാർഷിക റിപ്പോർട്ട് പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ കൺട്രോളർ ഒഴിവാക്കിയ 54 ഗസറ്റഡ് തസ്തികകൾ ഉണ്ട്. 01/01/2016-ലെ ഗസറ്റഡ് കാറ്റഗറിയിലെ പട്ടികജാതി പട്ടിക വർഗ പ്രാതിനിധ്യം 7.40% ആയിരുന്നു. 01-01-2016 അടിസ്ഥാനമാക്കിയുള്ള വാർഷിക റിപ്പോർട്ട് പ്രകാരം ലീഗൽ മെട്രോളജി വകുപ്പിലെ ഗസറ്റഡ് കാറ്റഗറിയിലെ പട്ടികജാതി പട്ടിക വർഗ്ഗ പ്രാതിനിധ്യം നിർദ്ദിഷ്ട ശതമാനത്തിനേക്കാൾ കുറവായതുകൊണ്ട് സീനിയർ ഇൻസ്പെക്ടറുടെ (നിലവിലെ അസിസ്റ്റന്റ് കൺട്രോളർ) ഒരു തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ടമെന്റ് നടത്തിയത്. നിലവിൽ സ്പെഷ്യൽ റിക്രൂട്ടമെന്റ് മുഖേന അസിസ്റ്റന്റ് കൺട്രോളർ തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ചയാൾ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 16 (4) പ്രകാരം, സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതുണ്ട്. KS&SSR – ലെ Rule 17A പ്രകാരം സർക്കാർ സർവ്വീസിലെ ഏതു കാറ്റഗറിയിൽപ്പെട്ട വിഭാഗത്തിനും മതിയായ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. എല്ലാ വർഷവും ജനുവരി അടിസ്ഥാനമാക്കി പൊതുഭരണ വകുപ്പ് നടത്തുന്ന വാർഷിക പരിശോധന അടിസ്ഥാനമാക്കിയാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് തീരുമാനിക്കുന്നത്.

ഒരു വകുപ്പിനെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നിങ്ങനെ മൂന്ന് കാറ്റഗറി രീതിയിലാണ് വാർഷിക റിവ്യൂ നടത്തുന്നത്. ഇതിൽ ഏതെങ്കിലും കാറ്റഗറിയിലെ പട്ടികജാതി

പട്ടിക വർഗ പ്രാതിനിധ്യം 10% -ൽ കുറവ് ആണെങ്കിൽ പ്രസ്തുത കുറവ് നികത്തുന്നതിനായാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത് .

ഗസറ്റഡ് തസ്തികകൾ 1% വും നോൺ ഗസറ്റഡ് തസ്തികകൾ 5% വും മാത്രമേ ഒരു റിവ്യൂ ഇയറിൽ അധികമായി റിസർവ് ചെയ്യാൻ പാടുള്ളൂ. ഇങ്ങനെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓരോ കാറ്റഗറിയിലുമുള്ള പട്ടികജാതി പട്ടിക വർഗ പ്രാതിനിധ്യം 10% -ൽ കൂടാൻ പാടില്ല.

ലീഗൽ മെട്രോളജി കൺട്രോളറുടെ റിപ്പോർട്ട് പ്രകാരം 01/01/2016 അടിസ്ഥാനമാക്കിയുള്ള പട്ടികജാതി പട്ടിക വർഗ പ്രാതിനിധ്യം 7.40% ആണ്. ഗസറ്റഡ് വിഭാഗത്തിൽ ലീഗൽ മെട്രോളജി കൺട്രോളറെ ഒഴിച്ചു നിർത്തിയാൽ ആകെയുള്ള 54 പോസ്റ്റുകളിൽ 4 പേർ മാത്രമേ (7.40%) പട്ടികജാതി /പട്ടിക വർഗ വിഭാഗത്തിൽ നിന്നുള്ളൂ. അതിനാലാണ് മതിയായ പട്ടികജാതി /പട്ടിക വർഗ പ്രാതിനിധ്യം ഉറപ്പു വരുത്തി സീനിയർ ഇൻസ്പെക്ടറുടെ ഒരു പോസ്റ്റ് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിസർവ് ചെയ്തത്.

01/01/2016 ലെ വാർഷിക പരിശോധന പ്രകാരം പട്ടികജാതി /പട്ടിക വർഗ പ്രാതിനിധ്യത്തിന്റെ കുറവ് പരിഹരിക്കാനാണ് അന്ന് ലീഗൽ മെട്രോളജിയിലെ സീനിയർ ഇൻസ്പെക്ടറുടെ ഒരു പോസ്റ്റ് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിസർവ് ചെയ്തത്. നിലവിൽ പട്ടികജാതി /പട്ടിക വർഗ പ്രാതിനിധ്യത്തിൽ കുറവില്ല എങ്കിലും 01/01/2016 -ന്റെ അടിസ്ഥാനത്തിലുള്ള പട്ടികജാതി/പട്ടിക വർഗ പ്രാതിനിധ്യ കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പരിഹരിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ ലീഗൽ മെട്രോളജി വകുപ്പിലെ ഗസറ്റഡ് തസ്തികയിൽ പട്ടികജാതി/ പട്ടിക വർഗ്ഗ പ്രാതിനിധ്യം നിർദ്ദിഷ്ട ക്വാട്ട അധികരിച്ചു എന്നും, അതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ആവശ്യമില്ല എന്നുമുള്ള ലീഗൽ മെട്രോളജി ഇൻസ്പെക്ടർമാരായ ശ്രീ. ഷാജഹാൻ എ. ശ്രീ. മനോജ്. വി. ആർ. എന്നിവരുടെ വാദം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

OA 1020/2024 നമ്പർ കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24-07-2024 ലെ വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

പകർപ്പ് :-

കൺട്രോളർ ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം

ശ്രീ. മനോജ് വി. ആർ. (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)

ശ്രീ. ഷാജഹാൻ എ. (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ഓഡിറ്റ് ) കേരള തിരുവനന്തപുരം

നവ — ദൃശ്യ അച്ചടി വിഭാഗം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി ( ഫയൽ നം. സിഎ4/17/2026/സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ